(സി) ഓരോ വർഷവും ലിസ്റ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മുൻകൂട്ടി സ്കൂളുകളിൽ അറിയിക്കാറുണ്ട്.

എസ്. എസ്. എൽ. സി. പരീക്ഷ നടത്തിയതിനുള്ള ചെലവ്

88 [5748] ശ്രീ. വർക്കല കഹാർ:
„ സി. പി. മുഹമ്മദ് :
„ ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയുടെ ഉത്തരക്കടലാസിന്റെ മൂല്യനിർണ്ണയം, പരീക്ഷാ ഫലപ്രഖ്യാപനം സംബന്ധിച്ച മറ്റു ജോലികൾ എന്നിവയ്ക്ക് ഒ:ാകെ എത്ര പേരുടെ ജോലി വേണ്ടി വന്നു;

(ബി) പ്രസ്തുത പരീക്ഷ അവസാനിച്ചതു മുതൽ എത്ര ദിവസത്തിനുള്ളിൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു;

(സി) എസ്. എസ്. എൽ. സി. പരീക്ഷ നടത്തുന്നതു മുതൽ ഫലപ്രഖ്യാപനം വരെ പ്രസ്തുത പരീക്ഷയ്ക്കു വേണ്ടി എന്തു ചെലവു വേണ്ടി വന്നു?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ജില്ലാതലങ്ങളിൽ അദാലത്ത് സംഘടിപ്പിച്ച് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ നടപടി

89 [5749] ശ്രീ. പി. കെ. അബ്ദുറബ്ബ്:
„ ടി. പി. എം. സാഹിർ :
„ പി. കെ. കെ. ബാവ:
„ കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ വിസ ലഭിക്കാൻ എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയ സ്ഥിതിക്ക് ജില്ലാ തലങ്ങളിൽ അദാലത്ത് സംഘടിപ്പിച്ച് കഴിയുന്നത്ര വേഗത്തിൽ ഡ്യൂപ്ലിക്കേറ്റ് എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്നത്തേക്ക് ഇത് സംഘടിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly